'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - എഞ്ചിനീയറിംഗ് വിഭാഗത്തിൽ ക്ലർക്ക് ആയി ജോലി ചെയ്യുന്ന ശ്രീ. മുഹമ്മദ് ഷമീർ കെ.-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.2902/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/12/2019

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.11.2019ലെ എ1-14910/2019/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.11.2019ലെ എ1-14910/2019/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഓഫീസ് അറ്റന്റന്റ് ആയി പൊതുമരാമത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് സ്ഥിരപുനർവിന്യാസ വ്യവസ്ഥയിൽ തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ പ്രവേശിക്കുകയും, ശേഷം തസ്തികമാറ്റം വഴി 26.06.2014 പൂർവാഹനത്തിൽ, ക്ലർക്ക് ആയി സ്ഥാനമേൽക്കുകയും ചെയ്ത, ശ്രീ. മുഹമ്മദ് ഷമീർ കെ. ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവിൽ നിർബന്ധമായും പാസ്സാകേണ്ട വകുപ്പുതല പരീക്ഷ പാസ്സായിരുന്നില്ല. ടിയാൻ നിശ്ചിത യോഗ്യത ആർജിച്ച വകുപ്പുതല പരീക്ഷയുടെ അവസാന തീയതി 11.05.2019 ആണ്. ആയതിനാൽ, 12.05.2019പൂർവ്വാഹനത്തിൽ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലയളവ് 13.05.2019 അപരാഹ്നം വരെ ദീർഘിപ്പിച്ച് നൽകേണ്ടതായിട്ടുണ്ട്. ടിയാൻ പ്രൊബേഷൻ കാലയളവിൽ അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർശം (1) പ്രകാരം 25.06.2017 അപരാഹ്നം വരെ ദീർഘിപ്പിക്കുകയും തുടർന്ന്, ടിയാളുടെ പ്രൊബേഷൻ കാലയളവ് 13.05.2019 അപരാഹ്നം വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടിയാന്റെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് മറ്റ് തരത്തിൽ അർഹനാണ് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. മുഹമ്മദ് ഷമീർ കെ. -യുടെ ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് 26.06.2017 പൂർവ്വാഹ്നം മുതൽ 13.05.2019 അപരാഹ്നം വരെ 1958 ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗോപകുമാർ യു**
**അണ്ടർ സെക്രട്ടറി**

1. ശ്രീ. മുഹമ്മദ് ഷമീർ കെ., ക്ലർക്ക്(*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ.

4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKANTH G
Date: 2019.12.20 12:25:05 IST
Reason: Approved
സെക്ഷൻ ഓഫീസർ